പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2685 06.11.2019-ൽ മറുപടിക്ക്

## അഡ്വക്കേറ്റ് ജനറലിന് ക്യാബിനറ്റ് പദവി

ചോദ്യം

ശ്രീ. അനിൽ അക്കര

ഉത്തരം

ശ്രീ. എ. കെ. ബാലൻ
ബഹു. പട്ടിക ജാതി പട്ടിക വർഗ്ഗ
പിന്നോക്ക സമുദായ ക്ഷേമവും
നിയമവും സാംസ്കാരികവും
പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | അഡ്വക്കേറ്റ് ജനറലിന് ക്യാബിനറ്റ് പദവി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; അപ്രകാരം ഒരു തീരുമാനം എടുക്കുന്നതിന് ഉണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ; | അഡ്വക്കേറ്റ് ജനറലായ ശ്രീ. സി.പി. സുധാകര പ്രസാദിന് പ്രസ്തുത പദവി വഹിക്കുന്ന കാലത്തേയ്ക്ക് അധിക സാമ്പത്തിക ബാദ്ധ്യത കൂടാതെ ക്യാബിനറ്റ് റാങ്കും പദവിയും നൽകി ഉത്തരവായിട്ടുണ്ട് |
| (ബി) | അഡ്വക്കേറ്റ് ജനറലിന്റെ റീട്ടെയിനർ ഫീ നിലവിൽ എത്രയാണ് ; വ്യക്തമാക്കുമോ ; | അഡ്വക്കേറ്റ് ജനറലിന്റെ റീട്ടെയിനർ ഫീ നിലവിൽ പ്രതിമാസം 2,00,000/- (രൂപ രണ്ട് ലക്ഷം മാത്രം) രൂപയാണ്. |
| (സി) | അതിന് പുറമെ ഹൈക്കോടതി സിംഗിൾ/ ഡിവിഷൻ/ഫുൾ ബഞ്ചിൽ ഹാജരാകുന്നതിന് അദ്ദേഹത്തിന് പ്രത്യേക ഫീസ് നൽകുന്നുണ്ടോ ; വിശദാംശം നൽകുമോ ; | ഹൈക്കോടതി സിംഗിൾ ബഞ്ചിനു മുൻപാകെ ഹാജരാകുന്നതിന് ഓരോ ഹാജരാകലിനും 3,500/- രൂപ വീതവും ഡിവിഷൻ ബഞ്ചിനു മുൻപാകെ ഹാജരാകുന്നതിന് ഓരോ ഹാജരാകലിനും 7,000/- രൂപ വീതവും ഫീസ് നൽകുന്നുണ്ട്. |

| | | |
|---|---|---|
| (ഡി) | ക്യാബിനറ്റ് പദവി നൽകുന്നതിലൂടെ അഡ്വക്കേറ്റ് ജനറലിന് അധികമായി ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ? | അധിക സാമ്പത്തിക ബാദ്ധ്യത കൂടാതെയാണ് അഡ്വക്കേറ്റ് ജനറലിന് ക്യാബിനറ്റ് റാങ്കും പദവിയും നൽകിയിട്ടുള്ളത്. അതിനാൽ അധികമായി ആനുകൂല്യങ്ങളൊന്നും അനുവദിച്ച് ഉത്തരവായിട്ടില്ലാത്തതാണ്. |

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.